# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4739**

**27.06.2014 - ൽ മറുപടിക്ക്**

### കാർഷിക ഗവേഷണ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. കെ. ദാസൻ

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** കാർഷിക മേഖലയിൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | **എ)** കൃഷി വകുപ്പിന്റെ കീഴിൽ കാർഷിക ഗവേഷണ സ്ഥാപനങ്ങൾ ഒന്നും തന്നെ നിലവിലില്ല. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിവിധ തലങ്ങളിൽ വിലയിരുത്താറുണ്ട്. |
| **ബി)** സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനുതകുന്ന തരത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ ഇക്കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ നടത്തിയിട്ടുള്ളത്; | **ബി)** കേരള കാർഷിക സർവ്വകലാശാല 2013 വർഷത്തിൽ വിവിധ വിളകളിലായി 12 പുതിയ വിത്തിനങ്ങൾ പുറത്തിറക്കി. വിവിധ സ്ഥാപനങ്ങളിൽ നിന്നും കൃഷിക്കാർക്ക് ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ, ജീവാണു മരുന്നുകൾ എന്നിവ ഉണ്ടാക്കി വിതരണം ചെയ്യുന്നുണ്ട്. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ - കൃഷിക്കാർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം, സെമിനാർ, പ്രദർശനം എന്നിവ നടത്താറുണ്ട്. യന്ത്രവൽക്കരണത്തിൽ ഭക്ഷ്യസുരക്ഷാസേനയുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ മാത്രമല്ല, ദേശീയ തലത്തിൽ തന്നെ പ്രചരിപ്പിച്ചുവരുന്നു. ചെറുകിടയന്ത്രങ്ങൾ, നീരയുല്പാദനം തുടങ്ങിയ മേഖലകളിൽ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. 2008-2009 മുതൽ 2013-14 വരെ വയനാട്ടിലെ 9 പഞ്ചായത്തുകളിലെ ആറായിരത്തിലധികം കൃഷിക്കാർക്ക് ഉപകരിക്കുന്ന NAIP പദ്ധതി നടപ്പിലാക്കി. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന കാർഷിക സർവ്വകലാശാലയുടെ ഏഴ് കൃഷി വിജ്ഞാന കേന്ദ്രങ്ങളും കാർഷിക മേഖലയിൽ നല്ല പ്രവർത്തനം കാഴ്ച വെയ്ക്കുന്നു. |
| **സി)** ഈ സ്ഥാപനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ ആകെ അനുവദിച്ച ഫണ്ടിൽ എത്ര ശതമാനം ചെലവാക്കി എന്നറിയിക്കാമോ? | **സി)** ഇല്ല. പദ്ധതി ഇനത്തിൽ 2013-14 ൽ ₹57,08,15,000 രൂപയാണ് അനുവദിച്ചത്. പദ്ധതിയേതരയിനത്തിൽ തൻ വർഷത്തെ ചിലവുകൾക്കായി ₹174.02 കോടി രൂപയാണ് അനുവദിച്ചത്. പദ്ധതി ഇനത്തിൽ 62.82%-ഉം പദ്ധതിയേതര ഇനത്തിൽ 124.40%-ഉം ചെലവാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**